**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **30-06-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാർ വന്യജീവി സങ്കേതത്തിലെ സിംഹ സഫാരി പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിലെ സിംഹ സഫാരി പാർക്ക് തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരം ലഭ്യമാക്കാമോ; | (എ) | നെയ്യാർ വന്യജീവി സങ്കേതത്തിലെ സിംഹ സഫാരി പാർക്കിന്റെ അംഗീകാരം 13.12.2021-ലെ 19186/93 CZA(136)(E) ഉത്തരവ് പ്രകാരം സെൻട്രൽ സൂ അതോറിറ്റി റദ്ദാക്കിയിട്ടുള്ളതാണ്. ആയതിന്മേൽ തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ നൽകിയ അപ്പീൽ അപേക്ഷയിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് സെക്രട്ടറി ഹിയറിംഗ് അനുവദിക്കുകയും 25.04.2022-ൽ തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ ഹിയറിംഗിന് ഹാജരാകുകയും ചെയ്തിട്ടുണ്ട്. അംഗീകാരം പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും അന്തിമ തീരുമാനം ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സിംഹ സഫാരി പാർക്കിലേയ്ക്ക് പുതുതായി സിംഹങ്ങളെ കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദ വിവരം അറിയിക്കാമോ? | (ബി) | അംഗീകാരം പുന:സ്ഥാപിച്ച് കിട്ടിയാൽ മാത്രമേ സിംഹങ്ങളെ പാർക്കിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ